# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.2629 | 06.02.2018-ൽ മറുപടിയ്ക്ക്

## വാമനപുരം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) 2016-17, 2017-18 വർഷങ്ങളിൽ വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത വർഷങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ആവർത്തന ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) യും (ബി) യും 2016-17, 2017-18 എന്നീ വർഷങ്ങളിൽ വാമനപുരം നിയോജക മണ്ഡലത്തിലെ ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റിക്ക് അനാവർത്തന ഗ്രാന്റായി 25000/- രൂപ അനുവദിച്ചിട്ടുണ്ട്. ആവർത്തന ഗ്രാന്റായി വാമനപുരം നിയോജക മണ്ഡലത്തിലെ 'രംഗപ്രഭാത് ' എന്ന സാംസ്കാരിക സ്ഥാപനത്തിന് 2016-17 വർഷം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയും, 2017-18 വർഷം 10,00,000/- (പത്ത് ലക്ഷം) രൂപ വകയിരുത്തിയതിൽ 5,00,000/- (അഞ്ച് ലക്ഷം മാത്രം) രൂപയും അനുവദിച്ചു. |
| (സി) പ്രസ്തുത ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന/ അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നുവെന്ന് പ്രത്യക്ഷ ബോധമുള്ള സംഘടന കളെയാണ് ധനസഹായത്തിന് പരിഗണിക്കുന്നത്.<br>2) ലാഭോദ്ദേശ്യം വച്ച് പ്രവർത്തിക്കുന്ന സംഘടനകളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കുന്നതാണ്.<br>3) രജിസ്റ്റർ ചെയ്ത രണ്ട് വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവയും മുമ്പൊരിടത്തുനിന്നും ധനസഹായം ലഭിച്ചിട്ടില്ലാത്തവയുമായ ജനകീയ സംഘടനകൾക്ക് മുൻഗണന നൽകും. |

4) നാടൻ കലാരൂപങ്ങൾ, ക്ലാസിക് കലാരൂപങ്ങൾ, പ്രാചീന കലാരൂപങ്ങൾ, മറ്റംഗീകൃത കലാരൂപങ്ങൾ എന്നിവ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകളെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും. പ്രാചീന കലാരൂപങ്ങളുടെ പഠന ഗവേഷണങ്ങൾ നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകും.

5) സാമൂഹിക പ്രതിബദ്ധതയോടെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാപരമായ ആവിഷ്കാരത്തിന് മുന്നോട്ടുവരുന്ന സന്നദ്ധ സംഘടനകൾക്ക് അത്തരം പരിപാടികളുടെ ഗുണമേന്മയനുസരിച്ച് ധനസഹായം നൽകുന്നതാണ്.

6) ഉത്തരവാദപ്പെട്ട ഒരു സന്നദ്ധ സംഘടന ഒരനുസ്മരണ പരിപാടിക്കോ ചരമ വാർഷികം, ജന്മശതാബ്ദി, ജൂബിലി തുടങ്ങിയവയ്ക്കോ ധനസാഹയത്തിനായി അപേക്ഷിച്ചാൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയുടെ കലാ സാംസ്കാരിക രംഗത്തെ സംഭാവനകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതാണ്.

7) അഞ്ച് വർഷത്തിനുള്ളിൽ മൂന്നു തവണ മാത്രമേ ഒരു സംഘടനക്കിത്തരം ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

8) ഒരു സംഘടനയ്ക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ ധനസഹായം നൽകുകയില്ല.

9) ജില്ലാ പഞ്ചായത്ത് ഭരണ സമിതികൾ ഏകകണ്ഠമായി ശുപാർശ ചെയ്യുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഒരു പരിപാടിക്കോ ഒരു സാംസ്കാരിക പ്രവർത്തന പദ്ധതിക്കോ, മറ്റു നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നതാണ്.

10) കലാ സാംസ്കാരിക പരിപാടികൾ, ദൃശ്യ ശ്രാവ്യ പരിപാടികൾ, ചിത്രകലാ പ്രദർശനങ്ങൾ, പഠനകളരി, ചർച്ചകൾ, കലോത്സവങ്ങൾ, ജനകീയ അനുഷ്ഠാന കലകൾ എന്നിവ സൗജന്യമായി സംഘടിപ്പിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്നതാണ്.

11) അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഗ്രാന്റ് കൈപ്പറ്റി രണ്ടുമാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന സംഘടനകൾക്ക് പിന്നീട് യാതൊരു കാരണവശാലും ഗ്രാന്റ് നൽകുന്നതല്ല.

Sindhu

**സെക്ഷൻ ഓഫീസർ**